ഞങ്ങളെടുത്ത തീരുമാനത്തിൽ ഒരു കുറവുമില്ല. അത് ഞങ്ങളുടെ policy decision ആണ്. അതിൽ ഞങ്ങൾ ഉറച്ചു നിൽക്കുന്നു. വെറുതെ ഒന്നുമില്ലാത്തതിനെക്കുറിച്ച് എന്തോ ഇതിനകത്തുണ്ടെന്ന് വരുത്തിത്തീർക്കാൻ ഒരുപുകമറ സൃഷ്ടിക്കാൻ വേണ്ടിയുള്ള പ്രതിപക്ഷത്തിന്റെ ശ്രമം വെറും പാഴ്വേലയാണ്.....(ബഹളം).....(ബഹളം).....

മി. ഡെ. സ്പീക്കർ : എല്ലാപേരും ഇരിക്കണം.....(ബഹളം).....

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : കാബിനറ്റിന്റെ തീരുമാനം മേശപ്പുറത്തു വയ്ക്കാമെന്ന് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അത് പരിശോധിച്ചതിനുശേഷം എന്താണെന്നുള്ള അഭിപ്രായം ഞാൻ പറയാം.....(ബഹളം).....

മി. ഡെ. സ്പീക്കർ: റിപ്പോർട്ട് സമർപ്പണം.....ശ്രീ. ടി. എം. ജേക്കബ്.....

# VII. റിപ്പോർട്ട് സമർപ്പണം

## (1) III-ാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) സർ, ജലവിഭവ വകുപ്പു മന്ത്രിയും മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ കേരളത്തിൽ നിന്നും തമിഴ്നാട്ടിലെ മേക്കര ഡാമിലേയ്ക്ക് വെള്ളം ചോർത്തുന്നു എന്ന ആരോപണത്തെ സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

## (2) VIII-ാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ധനകാര്യ വകുപ്പുമന്ത്രിയും VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2004-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

## (3) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 66 മുതൽ 75 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അറുപത്തിയാറു മുതൽ എഴുപത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (4) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly